Government of Kerala

K. Anvar Sadath
Executive Director

IT @ School

IT@SCHOOL PROJECT &
'VICTERS' EDUCATIONAL CHANNEL

Poojappura P.O. Thiruvananthapuram 695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810
Email : director@itschool.gov.in www.itschool.gov.in

തീയതി: 31.08.2011

## പത്രക്കുറിപ്പ്

## സെപ്റ്റംബർ 14 വരെ 'സമ്പൂർണ'യിൽ വിവരങ്ങൾ ചേർക്കാം

വിദ്യാലയത്തിലെ വിവിധ പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സുതാര്യവും ലളിതവുമാക്കാൻ സഹായിക്കുന്ന 'സമ്പൂർണ' പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ഹൈസ്കൂൾ ക്ലാസുകളിലെ മുഴുവൻ വിദ്യാർഥികളുടെയും വിശദാംശങ്ങൾ ഓഗസ്റ്റ് 31 നുമുമ്പ് നിശ്ചിത ഫോറത്തിൽ ശേഖരിച്ച് അവ പരിശോധിക്കേണ്ടതിന്റെ ചുമതല അതത് സ്കൂൾ പ്രഥമാധ്യാപകർക്കാണ്. സമ്പൂർണയിലൂടെ ശേഖരിക്കുന്ന വിവരം പത്താംതരത്തിലെ എ ലിസ്റ്റ് തയാറാക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതിനാൽ വിശദാംശങ്ങളിൽ പിശകുകൾ കടന്നുകൂടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ ഈ പ്രവർത്തനങ്ങൾക്കുള്ള തീയതി 2011 ഓഗസ്റ്റ് 31 ൽനിന്നും സെപ്റ്റംബർ 14 ലേക്ക് നീട്ടിയിരിക്കുന്നതായി ഐ.ടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അൻവർ സാദത്ത് അറിയിച്ചു.

**കെ. അൻവർ സാദത്ത്**
(എക്സിക്യൂട്ടീവ് ഡയറക്ടർ)